നീതി ആയോഗ്

49 (T1423) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ്-ൽ കേരളത്തിനുവേണ്ടി ഉന്നയിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബിൽ

50 (T1424) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബിൽ പ്ലാനിംഗ് ബോർഡിന്റെ പ്രോജക്ട് ഫിനാൻസ് സെൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിലായിരുന്നു;

(ബി) പ്രസ്തുത ബിൽ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ബോർഡ് വഴി സംസ്ഥാനത്ത് ഇംപ്ലിമെന്റ് ചെയ്ത പി.പി.പി. മോഡലിലുള്ള പദ്ധതികൾ ഏതൊക്കെയാണ് ; ഇതുവഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് വരുകയുണ്ടായി; വിശദമാക്കുമോ?

ഉത്തരം

(എ) കരട് കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബിൽ 3-5-2013-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) 28-10-2015-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പ്രസ്തുത ബിൽ പിൻവലിക്കുകയുണ്ടായി.

(സി) ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബോർഡ് രൂപീകരിച്ചിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly